## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2424

12.06.2018 ൽ മറുപടിക്ക്

**തൃശ്ശൂർ-പാലക്കാട് വ്യവസായ ഇടനാഴി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. വി. വിജയദാസ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | തൃശ്ശൂർ-പാലക്കാട് വ്യവസായ ഇടനാഴിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | കൊച്ചി - പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനു വേണ്ടിയുള്ള സംസ്ഥാന സർക്കാർ അപേക്ഷ, കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (എൻ. ഐ. സി . ഡി. ഐ. റ്റി) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ എസ് ഐ ഡി സി തയ്യാറാക്കിയ പദ്ധതി രൂപരേഖ എൻ. ഐ. സി . ഡി. ഐ. റ്റി ക്ക് സമർപ്പിക്കുകയും ഇതേതുടർന്ന് കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി ഏതെല്ലാം തരത്തിൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) & (സി) | കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കേരള സർക്കാർ |

| | | | |
|---|---|---|---|
| സി) | ഈ പദ്ധതി എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്ത് വന്നുചേരുക എന്ന് വ്യക്തമാക്കാമോ? | | സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയ ശേഷം മാത്രമേ ഇക്കാര്യം തീരുമാനമാകൂ. |

Bindu. T

**സെക്ഷൻ ഓഫീസർ**